**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3464** **05-08-2021 - ല്‍ മറുപടിയ്ക്ക്**

**ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോന്‍സ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നിലവില്‍ ഏത് സര്‍ക്കാര്‍ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നടത്തുന്നത്; പ്രസ്തുത ഉത്തരവിന്റെ പകര്‍പ്പ് ലഭ്യമാക്കാമോ; | (എ) | ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റത്തിന് പ്രത്യേകമായി മാനദണ്ഡം നിശ്ചയിച്ചുകൊണ്ടുള്ള ഉത്തരവുകളൊന്നും ധനവകുപ്പില്‍ നിന്ന് പുറപ്പെടുവിച്ചിട്ടില്ല. കാലാകാലങ്ങളില്‍ പൊതുഭരണ വകുപ്പ് പുറപ്പെടുവിക്കുന്ന ഉത്തരവുകളിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തില്‍ ഭരണ സൗകര്യം മുന്‍നിര്‍ത്തിയാണ് ധനകാര്യ വകുപ്പ് ജീവനക്കാരുടെ സ്ഥലംമാറ്റം നടത്തി വരുന്നത്. |
| (ബി) | സെക്രട്ടറിയേറ്റില്‍ ധനകാര്യ വകുപ്പില്‍ തുടര്‍ച്ചയായി അഞ്ച് വര്‍ഷത്തില്‍ കൂടുതല്‍ ഒരേ സീറ്റില്‍ ജോലി ചെയ്യുന്ന എത്ര ജീവനക്കാരുണ്ടെന്ന് വിശദമാക്കാമോ; | (ബി) | സെക്രട്ടറിയേറ്റില്‍ ധനകാര്യ വകുപ്പില്‍ തുടര്‍ച്ചയായി അഞ്ച് വര്‍ഷത്തില്‍ കൂടുതല്‍ ഒരേ സീറ്റില്‍ ജോലി ചെയ്തുവരുന്ന 14 ജീവനക്കാരുണ്ട്. |
| (സി) | അഞ്ച് വര്‍ഷത്തില്‍ കൂടുതല്‍ ധനകാര്യ സെക്രട്ടറിയേറ്റിന് വെളിയില്‍ ജോലി ചെയ്യുന്ന എത്ര ഉദ്യോഗസ്ഥരുണ്ടെന്ന് അറിയിക്കാമോ? | (സി) | അഞ്ച് വര്‍ഷത്തില്‍ കൂടുതല്‍ ധനകാര്യ സെക്രട്ടറിയേറ്റിന് വെളിയില്‍ ജോലി ചെയ്യുന്ന 75 ഉദ്യോഗസ്ഥരുണ്ട്. |

സെക്ഷന്‍ ഓഫീസര്‍